LIBRARY ARCHIVES Kerala Legislative Assembly

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ

71(2059) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനവധി സഹകരണ സംഘങ്ങളുടെ ഓഫീസും അനുബന്ധ സ്ഥാപനങ്ങളും വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സഹകരണ സ്ഥാപനങ്ങൾക്ക് ഓഫീസ് നിർമ്മിക്കുന്നതിന് നിലവിൽ എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയോ കെട്ടിടങ്ങൾ സഹകരണ സംഘങ്ങൾക്ക് വാടകയ്ക്ക് നൽകുമ്പോൾ ഇളവുകൾ നൽകുന്നതിന് ഉത്തരവ് നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങൾക്ക് പുതുതായി ഓഫീസ് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നില്ല. എന്നാൽ എൻ.സി.ഡി.സി. - ഗോഡൗൺ നിർമ്മാണത്തിനായി ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ആകെ വിസ്തീർണ്ണത്തിന്റെ 30% ഓഫീസ് ആവശ്യത്തിനായി വിനിയോഗിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ ഓഫീസ് കെട്ടിട പുനരുദ്ധാരണത്തിന് അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി എൻ.സി.ഡി.സി.യിൽനിന്നും ധനസഹായംനൽകുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് സംസ്ഥാന പദ്ധതിയിൽപ്പെടുത്തി കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി പരമാവധി 5 ലക്ഷം രൂപവരെ നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

സഹകരണ മേഖലയിൽ പബ്ലിക് റിസ്ക് ഫണ്ട്

72 (2060) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ പബ്ലിക് റിസ്ക് ഫണ്ട് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;